# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3230

29.01.2014-ലെ മറുപടിക്ക്

## ഗ്രാമവികസന വകുപ്പിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) | 2013-14 വർഷം ഗ്രാമവികസന വകുപ്പിൽ പദ്ധതി പ്രവർത്തന ങ്ങൾക്കായി വകയിരുത്തിയ തുകയുടെയും ഇതുവരെ അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) 2013-14 സാമ്പത്തിക വർഷത്തിൽ ഗ്രാമ വികസന വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത പദ്ധതി പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 31,317.25/- ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2013 ഡിസംബർ 31 വരെ കേന്ദ്ര വിഹിതമായി 1,12,168.80 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 8,692.43/- ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത വകുപ്പ് വഴി കേന്ദ്രാവിഷ്കൃത പദ്ധതികൾ ക്കുവേണ്ടി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | ബി) ഗ്രാമ വികസന വകുപ്പ് വഴി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി. 2013 ഡിസംബർ 31 വരെ 1,12,168.80/- ലക്ഷം രൂപ കേന്ദ്ര വിഹിതമായും 6,179.16 ലക്ഷം രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. |
| സി) | 2013-ൽ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | സി) 2013-14 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി 1,21,910.91/- ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |
| ഡി) | പദ്ധതികളുടെ നടത്തിപ്പിലും തുക വിനിയോഗിക്കുന്നതിലും കുറവുവരുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ? | ഡി) നീക്കിയിരുപ്പ് തുകയുൾപ്പെടെ ആകെ ലഭ്യമായ 1,53,058.15/- ലക്ഷം രൂപയിൽ നിന്നും 1,21,910.91/- ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഇത് ആകെ ലഭ്യമായ തുകയുടെ 80% ആകുന്നു. ആയതിനാൽ തുക വിനിയോഗത്തിൽ കുറവൊന്നും വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ.